10. രോഗനിർണ്ണയ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് പക്ഷിരോഗ നിർണ്ണയശാല, തിരുവല്ല, ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, പാലോട് എന്നീ ലബോറട്ടറികൾ ആധുനികരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

11. താറാവു കർഷകരുടെയും പൊതുജനങ്ങളുടെയും ആശങ്കകൾ അകറ്റുവാൻ സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ വച്ച് താറാവു വിഭവങ്ങൾ കൊണ്ടുള്ള ഭക്ഷ്യമേളയും സംഘടിപ്പിച്ചു.

(സി) നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. വിശദമാക്കാം. പക്ഷിപ്പനി രോഗബാധ സ്ഥിരീകരിച്ച മേഖലകളിലെ കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു :

ആലപ്പുഴ	-	36443150 രൂപ
കോട്ടയം	-	4450000 രൂപ
പത്തനംതിട്ട	-	1043600 രൂപ
കൊല്ലം	-	225380 രൂപ
ആകെ	-	42162130 രൂപ

(ഡി) പക്ഷിപ്പനി ദേശാടന പക്ഷികളിലൂടെ പകരുന്ന രോഗമായതിനാൽ ഇതിനെ പൂർണ്ണമായും തടയുന്നത് പ്രായോഗികമല്ല. എന്നാൽ ദേശാടന പക്ഷികളെ നിരന്തരം നിരീക്ഷിച്ച് അവയിൽനിന്നും ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറിയിൽ പരിശോധിച്ച് രോഗം ആദ്യഘട്ടത്തിൽത്തന്നെ കണ്ടുപിടിച്ച് രോഗം പടരുന്നത് തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നെൽകർഷകരുടെ പ്രശ്നപരിഹാര നടപടികൾ

26 (*146) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽ കർഷകരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ശിപാർശ നടത്തുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൃഷി വകുപ്പ് വിവിധയിനം നെൽ കൃഷി വികസന പദ്ധതികൾ, നെല്ല് സംഭരണം ഉൾപ്പെടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

സുസ്ഥിര നെൽ കൃഷി വികസനം: നെൽ കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഉത്പാദനച്ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2014-15 വർഷം 8100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി 180000 ഹെക്ടറിൽ ഒരു ഹെക്ടറിന് 4500 രൂപ സബ്സിഡി നിരക്കിൽ നടപ്പിലാക്കിവരുന്നു.

വികസന ഏജൻസികൾക്കുള്ള ഫണ്ട് : നെൽ കൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽ കൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം : ആകെ 7 ജില്ലകളിലായി പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നൽകി 2000 ഹെക്ടർ സ്ഥലത്ത് 200 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായവും അടിസ്ഥാന സൗകര്യ വികസനവും : ഗ്രൂപ്പ് ഫാമിങ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനും മോഡൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി 302 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

തരിശുനില നെൽ കൃഷി വികസനം : തരിശുനില നെൽ കൃഷി നടപ്പിലാക്കുന്നതിനായി 13 ജില്ലകളിൽ 1550 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 11500 രൂപ സബ്സിഡി നിരക്കിൽ 178.25 ലക്ഷം രൂപയും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കട്ടനാട് പാക്കേജ്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 257.14 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000 രൂപ സബ്സിഡി നിരക്കിൽ 77.14 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയനുസരിച്ച് 315.07 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. നെൽ കർഷകർക്ക് ഉത്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ആർ.കെ.വി.വൈ പൊക്കാളി നെൽ കൃഷി വികസന പദ്ധതിയിൽ 696.5 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 69.65 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ കോൾ മേഖലയിലെ കോൾ കർഷകർക്ക് അവരുടെ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും പ്രാദേശികാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര കോൾ വികസന ഏജൻസി നിലവിലുണ്ട്. കൂടാതെ ആലപ്പുഴ, എറണാകുളം, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ നെൽ കൃഷി വികസന ഏജൻസികളും പ്രവർത്തിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതിപ്രകാരം കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കർഷകരിൽനിന്നും നെല്ലുസംഭരണം നടത്തിവരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില (എം.എസ്.പി.) കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതു കൊണ്ട് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണ വില നൽകിക്കൊണ്ടാണ് കർഷകരിൽനിന്ന് നെല്ല് സംഭരിക്കുന്നത്. പ്രസ്തുത വിലയ്ക്ക് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്ന സപ്ലൈകോയ്ക്ക് എം.എസ്.പി. തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നു. സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന സംഭരണ വിലയും കേന്ദ്രസർക്കാരിന്റെ എം.എസ്.പി.-യും തമ്മിലുള്ള വ്യത്യാസം സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കുന്നു. കേന്ദ്ര സർക്കാർ ഇപ്പോൾ നെല്ലിന് നൽകിവരുന്ന താങ്ങുവില കിലോയ്ക്ക് 13.60 രൂപയും സംസ്ഥാന സർക്കാർ നൽകുന്ന സംഭരണ വില കിലോയ്ക്ക് 19 രൂപയുമാണ്. സംസ്ഥാനത്ത് നെല്ലിന്റെ കൃഷി ചെലവ് വർദ്ധിച്ചു വരുന്നതിനനുസരിച്ചാണ് സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില ഉയർത്തുന്നത്. 2011 ഫെബ്രുവരി മാസം കിലോയ്ക്ക് 14 രൂപയായിരുന്നത് ആഗസ്റ്റ് മാസം 15 രൂപയാക്കി ഉയർത്തുകയും 2012-ൽ 17 രൂപയാക്കുകയും 2013-ൽ 18 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. വീണ്ടും 2013-14 രണ്ടാം സീസൺ തുടക്കം മുതൽത്തന്നെ കിലോയ്ക്ക് 19 രൂപയാക്കി സംഭരണ വില ഉയർത്തിയിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില വീണ്ടും വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല

LIBRARY ARCHIVES Kerala Legislative Assembly